**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

ദുരന്ത നിവാരണ വകുപ്പ് - 2018-ലുണ്ടായ വെള്ളപ്പൊക്കത്തിലോ ഉരുൾപ്പൊട്ടലിലോ വീട് പൂർണ്ണമായോ ഭാഗികമായോ (15% മുതൽ 74% വരെ) നാശനഷ്ടം സംഭവിച്ച കുടുംബങ്ങൾ ഉൾപ്പെടെ കാൻസർ രോഗികൾ, കിടപ്പുരോഗികൾ, മാനസിക പരിമിതരുമായ ഭിന്നശേഷിക്കാർ, മൈനർ കുട്ടികൾ ഉള്ള വിധവകൾ, കുടുംബനാഥകൾ ആയിട്ടുള്ള കുടുംബങ്ങൾ എന്നിവർക്ക് അധിക ധനസഹായം നൽകുവാൻ 'പ്രത്യുത്ഥാനം' എന്ന പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ദുരന്ത നിവാരണ (എ)വകുപ്പ്**

**സ.ഉ.(കൈ) നം.15/2019/ഡി.എം.ഡി.** തിരുവനന്തപുരം, തീയതി, **14/06/2019**

---

പരാമർശം: 1. സ.ഉ.(കൈ) നം.7/2018/ഡി.എം.ഡി., തീയതി 21.06.2018.
2. സ.ഉ.(കൈ) നം.13/2018/ഡി.എം.ഡി., തീയതി 16.08.2018.
3. സ.ഉ.(പി) നം.6/2018/ഡി.എം.ഡി., തീയതി 03.10.2018.
4. സ.ഉ(സാധാ) നം.527/2018/ഡി.എം.ഡി., തീയതി 05.10.2018
5. സ.ഉ.(സാധാ) നം.662/2018/ഡി.എം.ഡി., തീയതി 04.12.2018
6. സ.ഉ.(സാധാ) നം.674/2018/ഡി.എം.ഡി., തീയതി 11.12.2018

**<u>ഉത്തരവ്</u>**

പ്രളയ ദുരന്തങ്ങൾ പലപ്പോഴും സമൂഹത്തിലെ ദുർബല വിഭാഗങ്ങളുടെ പ്രശ്നങ്ങളെ കൂടുതൽ ദുരിതത്തിലാക്കുന്ന സാഹചര്യം ഉണ്ടാക്കുന്നുണ്ട്. ഇവരിൽ ഏറ്റവും കൂടുതൽ സാമൂഹ്യ പരിഗണന അർഹിക്കുന്ന കിടപ്പുരോഗികൾ, ഭിന്നശേഷിക്കാർ എന്നിവരെ പുനർനിർമ്മാണ വേളയിൽ പ്രത്യേകം പരിഗണിക്കുന്നത് സാമൂഹ്യ ഐക്യം ഊട്ടി ഉറപ്പിക്കാൻ സഹായകമാകും. 2018-ലുണ്ടായ വെള്ളപ്പൊക്കത്തിലോ ഉരുൾപ്പൊട്ടലിലോ വീട് പൂർണ്ണമായോ ഭാഗികമായോ (15% മുതൽ 74% വരെ) നാശനഷ്ടം സംഭവിച്ച കുടുംബങ്ങളിൽ ഉൾപ്പെട്ട കാൻസർ രോഗികൾ, കിടപ്പുരോഗികൾ, ഡയാലിസിസ് രോഗികൾ, മാനസിക പരിമിതരായ ഭിന്നശേഷിക്കാർ, മൈനർ കുട്ടികൾ ഉള്ള വിധവകൾ കുടുംബനാഥകൾ ആയിട്ടുള്ള കുടുംബങ്ങൾ എന്നിവർക്ക് അധിക ധനസഹായം നൽകുവാൻ 'പ്രത്യുത്ഥാനം' എന്ന പേരിൽ ഒരു പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കുവാൻ സർക്കാർ തീരുമാനിച്ചിരിക്കുന്നു.

2) പ്രളയത്തിൽ പൂർണ്ണമായോ ഭാഗികമായോ (15% മുതൽ 74% വരെ) തകർച്ച നേരിട്ടവർക്കും തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ പട്ടികയിൽ ഉൾപ്പെട്ട താഴെപ്പറയുന്ന അവശതകൾ അനുഭവിക്കുന്നവരുള്ള വീടുകൾക്ക്, കുടുംബത്തിന്റെ ദുർബലാവസ്ഥ പരിഗണിച്ച് അധിക ധനസഹായം നൽകുന്നതാണ്.

i. കാൻസർ രോഗികൾ ഉള്ള പ്രളയ ബാധിത കുടുംബങ്ങൾ
ii. ഡയാലിസിസ് രോഗികൾ ഉള്ള പ്രളയ ബാധിത കുടുംബങ്ങൾ

iii. കിടപ്പ് രോഗികളും, മാനസികശേഷി പരിമിതരുമായ ഭിന്നശേഷിക്കാർ ഉള്ള പ്രളയ ബാധിത കുടുംബങ്ങൾ.

iv. മൈനർ കുട്ടികൾ ഉള്ള വിധവകൾ കുടുംബനാഥകൾ ആയിട്ടുള്ള കുടുംബങ്ങൾ

എന്നിങ്ങനെ മുൻഗണനാ പട്ടിക തയ്യാറാക്കി, ജില്ലാ ദുരന്ത നിവാരണ അതോറിറ്റി അംഗീകരിച്ച് ലഭ്യമാക്കുന്ന പട്ടിക പ്രകാരം, സംസ്ഥാന അതോറിറ്റി നേരിട്ട് ഡയറക്ട് ബെനിഫിറ്റ് ട്രാൻസ്ഫർ (ഡി.ബി.റ്റി) വഴി തുക കുടുംബങ്ങൾക്ക് നൽകുന്നതാണ്.

3) ഈ പദ്ധതിയുടെ മാർഗ്ഗനിർദ്ദേശങ്ങൾ താഴെപ്പറയും പ്രകാരമാണ്.

i. കേരള സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റിയിലൂടെ, മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയും, UNDP യുടെ ധനസഹായവും, ഉപയോഗിച്ച് പത്തനംതിട്ട, ആലപ്പുഴ, കോട്ടയം, ഇടുക്കി, എറണാകുളം, തൃശ്ശൂർ, വയനാട് എന്നീ പൂർണ്ണമായും പ്രളയ ബാധിത ജില്ലകളിലും, ദുരന്ത ബാധിതരായ പട്ടിക വർഗ്ഗക്കാർ അധികമായി വസിക്കുന്ന പാലക്കാട് ജില്ലയിലും പ്രത്യുത്ഥാനം എന്ന ഈ പദ്ധതി നടപ്പാക്കുന്നു.

ii. 2018 ജൂലൈ, ഓഗസ്റ്റ് മാസങ്ങളിലെ വെള്ളപ്പൊക്കത്തിലോ, ഉരുൾപൊട്ടലിലോ 15%-ൽ കൂടുതൽ നാശനഷ്ടം സംഭവിച്ചിട്ടുള്ള വീടുകൾക്കും ചുവടെ ചേർക്കുന്ന സാഹചര്യം നേരിടുന്ന കുടുംബങ്ങൾക്കുമായിരിക്കും ഈ പദ്ധതിയിലെ ഗുണഭോക്താക്കൾ (Criteria for Selection). മുൻഗണനാ ക്രമം അനുസരിച്ച്:

(1) കാൻസർ രോഗികൾ ഉള്ള പ്രളയ ബാധിത കുടുംബങ്ങൾ.
(2) ഡയാലിസിസ് രോഗികൾ ഉള്ള പ്രളയ ബാധിത കുടുംബങ്ങൾ
(3) മാനസികശേഷി പരിമിതരായ, കിടപ്പ് രോഗികളായ ഭിന്നശേഷിക്കാർ ഉള്ള പ്രളയ ബാധിത കുടുംബങ്ങൾ.
(4) മൈനർ കുട്ടികൾ ഉള്ള വിധവകൾ, കുടുംബനാഥകൾ ആയിട്ടുള്ള കുടുംബങ്ങൾ ഓരോ മേൽ വിഭാഗത്തിലും ഉള്ളവർ ഇല്ലെങ്കിൽ മാത്രമായിരിക്കും താഴെ ഉള്ള വിഭാഗത്തിൽ ഉള്ളവരെ പരിഗണിക്കുക.

iii. ഈ പദ്ധതിക്കായി 8.25 കോടി രൂപ UNDP യിൽ നിന്നും, 10 കോടി രൂപ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും ചേർത്ത്, 18.25 കോടി രൂപയാണ് വിനിയോഗിക്കേണ്ടത്. ഈ തുക ഉപയോഗിച്ച് മേൽ പട്ടികയിൽ ഉൾപ്പെടുന്ന 7300 ഗുണഭോക്താക്കൾക്ക് 25,000/- വീതം രൂപ അധിക ധനസഹായം വീടിന്റെ പുനർനിർമ്മാണത്തിനോ, അറ്റകുറ്റപണികൾക്കോ ആയി ലഭ്യമാക്കുന്നതാണ്. മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും 10 കോടി രൂപ അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നതിനുള്ള നടപടി റവന്യൂ (ഡി.ആർ.എഫ്) വകുപ്പ് സ്വീകരിക്കേണ്ടതാണ്.

iv. വീടിന് നാശനഷ്ടം നേരിട്ടതിന് 2018 ലെ പ്രളയ ദുരിതാശ്വാസ സഹായം നൽകിയ/ നൽകുവാൻ ജില്ല കളക്ടർ അംഗീകാരം നൽകിയ കുടുംബങ്ങളുടെ പട്ടികയിൽ ഉൾപെട്ടിട്ടുള്ളവരിൽ നിന്നു വേണം ഈ പദ്ധതിയുടെ ഗുണഭോക്താക്കളെ കണ്ടെത്താൻ.

v. മേൽ പരാമർശിച്ചിട്ടുള്ള ജില്ലകളിൽ, പ്രളയ ബാധിതമായി പ്രഖ്യാപിച്ചിട്ടുള്ള വില്ലേജുകളിൽ പ്രദേശത്തെ സാമൂഹിക സുരക്ഷാ വകുപ്പ് ഉദ്യോഗസ്ഥൻ/ ഉദ്യോഗസ്ഥ ഗുണഭോക്താക്കളുടെ പട്ടിക തയ്യാറാക്കി സാക്ഷ്യപ്പെടുത്തി ജില്ലാ ദുരന്ത നിവാരണ അതോറിറ്റിയിൽ ലഭ്യമാക്കേണ്ടതാണ്.

vi. അതാത് ജില്ലാ ദുരന്ത നിവാരണ അതോറിറ്റികൾ അംഗീകരിച്ച് ലഭ്യമാക്കുന്ന ഗുണഭോക്താക്കളുടെ പട്ടിക പ്രകാരം ഈ തുക സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റിയിൽ നിന്ന് നേരിട്ട് ഗുണഭോക്താവിന്റെ ബാങ്ക് അക്കൗണ്ടിലേക്ക് നിക്ഷേപിക്കുന്നതാണ്.

vii. ലഭ്യമായ തുക അനുസരിച്ച് 8 ജില്ലയിലും കൂടി അനുവദിക്കാവുന്ന പരമാവധി ഗുണഭോക്താക്കളുടെ എണ്ണം താഴെപ്പറയും പ്രകാരം 7300 ആണ്.

| ക്രമ. നമ്പർ | ജില്ല | ഗുണഭോക്താക്കളുടെ എണ്ണം | ഒരു കുടുംബത്തിന് UNDP യിൽ നിന്നുള്ള തുക | ഒരു കുടുംബത്തിന് CMDRF ൽ നിന്നുള്ള തുക | ഒരു കുടുംബത്തിന് ആകെ ലഭിക്കുന്ന അധിക സഹായം |
|---|---|---|---|---|---|
| 1 | പത്തനംതിട്ട | 1100 | 16,500 | 8,500 | 25,000 |
| 2 | ആലപ്പുഴ | 800 | 7,000 | 18,000 | 25,000 |
| 3 | കോട്ടയം | 800 | 7,000 | 18,000 | 25,000 |
| 4 | ഇടുക്കി | 1100 | 16,500 | 8,500 | 25,000 |
| 5 | എറണാകുളം | 800 | 7,000 | 18,000 | 25,000 |
| 6 | തൃശ്ശൂർ | 800 | 7,000 | 18,000 | 25,000 |
| 7 | പാലക്കാട് | 800 | 7,000 | 18,000 | 25,000 |
| 8 | വയനാട് | 1100 | 16,500 | 8,500 | 25,000 |
| | **ആകെ** | **7300** | | | |

viii. ഈ പദ്ധതിയുടെ സുഗമമായ നടത്തിപ്പിന് ജില്ലാ കളക്ടർ ഒരു നോഡൽ ഓഫീസറിന് ചുമതല നൽകേണ്ടതാണ്. കൂടാതെ യു.എൻ.ഡി.പിയുടെ ജില്ലാ പ്രൊജക്റ്റ് ഓഫീസറുടെ സേവനം ഉപയോഗപ്പെടുത്തേണ്ടതാണ്.

ix. ഗുണഭോക്താവിന്റെ വിശദ വിവരങ്ങൾ അടങ്ങിയ ഒരു രജിസ്റ്റർ ജില്ലാ തലത്തിൽ സൂക്ഷിക്കേണ്ടതാണ്. മാതൃക ചുവടെ ചേർക്കുന്നു.

| SL No | Name of the beneficiary | Age | Sex | Criteria for selection | Address | Village | Panchayat | Bank Account No: | ID Proof & No:(Aadhar No) | Bank name | Mobile No. |
|---|---|---|---|---|---|---|---|---|---|---|---|

x. തിരഞ്ഞെടുത്ത അർഹതപ്പെട്ടവരുടെ വിവരങ്ങൾ ഇ-മെയിൽ ആയും തപാൽ ആയും സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റിക്ക് 2019 ജൂലൈ 31-നു മുൻപായി നൽകേണ്ടതാണ്.

4) കേരള സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി മുഖേന മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയും, UNDP യുടെ ധനസഹായവും, ഉപയോഗിച്ച് പത്തനംതിട്ട, ആലപ്പുഴ, കോട്ടയം, ഇടുക്കി, എറണാകുളം, തൃശ്ശൂർ, വയനാട് എന്നീ പൂർണ്ണമായും പ്രളയ ബാധിത ജില്ലകളിലും, ദുരന്ത ബാധിതരായ പട്ടിക വർഗ്ഗക്കാർ അധികമായി വസിക്കുന്ന പാലക്കാട് ജില്ലയിലും പ്രത്യുത്ഥാനം എന്ന പദ്ധതി നടപ്പാക്കുന്നതിനായി ധനകാര്യ വകുപ്പ്/ റവന്യൂ ഡി.ആർ.എഫ് വകുപ്പുകളെ ചുമതലപ്പെടുത്തി ഉത്തരവാകുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം)

**ഡോ. വേണു വി.**

പ്രിൻസിപ്പൽ സെക്രട്ടറി

കമ്മീഷണർ, ലാന്റ് റവന്യൂ, തിരുവനന്തപുരം
എല്ലാ ജില്ലാ കളക്ടർമാർക്കും
മെമ്പർ സെക്രട്ടറി, സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി, വികാസ് ഭവൻ പി.ഒ., തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ, ബ്രാഞ്ച് ഓഫീസ്, കോട്ടയം, എറണാകുളം, തൃശ്ശൂർ, കോഴിക്കോട്
തദ്ദേശ സ്വയംഭരണ വകുപ്പ്
ഭവന നിർമ്മാണ വകുപ്പ്
സാമൂഹിക നീതി വകുപ്പ്
പൊതുഭരണ (എസ്.സി) വകുപ്പ്
ധനകാര്യ വകുപ്പ്
റവന്യൂ (ഡി.ആർ.എഫ്) വകുപ്പ്
ഗ്രാമവികസന വകുപ്പ്
സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി

പകർപ്പ് :- ബഹു: മുഖ്യമന്ത്രിയുടെ പി.എസിന്
വന്യൂവും ഭവന നിർമ്മാണവും വകുപ്പ് മന്ത്രിയുടെ പി.എസിന്
ചീഫ് സെക്രട്ടറിയുടെ സ്പെഷ്യൽ സെക്രട്ടറിക്ക്
റവന്യൂവും ദുരന്ത നിവാരണവും വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പേഴ്സണൽ അസിസ്റ്റന്റിന്
റവന്യൂ വകുപ്പ് സ്പെഷ്യൽ സെക്രട്ടറിയുടെ സി.എ-യ്ക്ക്
ദുരന്ത നിവാരണ വകുപ്പ് അഡീഷണൽ സെക്രട്ടറിയുടെ സി.എ-യ്ക്ക്
ഡി.എം.(ബി) വകുപ്പ്
ഡി.എം. (എ 4) സീറ്റിന്

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ